## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## <u>പ്രധാനമന്ത്രി ആവാസ് യോജന</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1676 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ആവാസ് യോജനയുടെ പ്രവർത്തനം വിശദമാക്കുമോ; പ്രസ്തുത പദ്ധതിപ്രകാരം വീട് ലഭിക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്? | (എ) | ഗ്രാമീണ പാർപ്പിട രംഗത്തെ വിടവ് നികത്തുന്നതിനും 2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുമായി 2016 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ). പി.എം.എ.വൈ (ജി) പദ്ധതിപ്രകാരം വീടിനുള്ള ധനസഹായം അനുവദിക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അർഹത പരിശോധിച്ച് ഗ്രാമസഭയുടെ അംഗീകാരത്തോടെയാണ്. ഓരോ വീടിനും 1,20,000/- രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു.<br>ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000/- രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് കഴിയും. അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ്യ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാദ്ധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. കേന്ദ്ര-സംസ്ഥാന-വിഹിതം (1,20,000/- രൂപ) മൂന്ന് ഗഡുക്കളായി പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ (ജി) യുടെ ആദ്യാവസാനം വരെയുള്ള |

എല്ലാ പ്രവർത്തനങ്ങളുടെ ഇലക്ട്രോണിക് സംവിധാനം വഴിയാണ് നടപ്പിലാക്കുന്നത്. പി.എം.എ.വൈ (ഗ്രാമീൺ) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന 2022-ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി യോജിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് **പ്രധാനമന്ത്രി ആവാസ് യോജന (നഗരം) (PMAY-U) 'എല്ലാവർക്കും ഭവനം'** എന്ന ലക്ഷ്യത്തോടു കൂടി നടപ്പിലാക്കുന്ന പദ്ധതിയിൽ വീടില്ലാത്ത എല്ലാവരെയും ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാവുന്നതും നിലവിലുള്ള ഭവനങ്ങളെ വിപുലീകരിക്കാവുന്നതുമാണ്. കേരളത്തിലെ 93 നഗരസഭകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ച് കൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

1. **ചേരി വികസനം**
2. **ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി**
3. **അഫോർഡബിൾ ഹൗസിംഗ് സ്കീം**
4. **വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം**

പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്ന ഗുണഭോക്താക്കളെ ഗാർഹികതല സർവ്വേയിലൂടെ നഗരസഭകൾ കണ്ടെത്തുന്നു. ഇതിലുപരിയായി കോമൺ ഫെസിലിറ്റി സെന്റർ വഴി ഓൺലൈനായി അപേക്ഷ നൽകാവുന്നതും, യോഗ്യതയുള്ള പക്ഷം നഗരസഭയ്ക്ക് ഗുണഭോക്താവായി തിരഞ്ഞെടുക്കാവുന്നതുമാണ്. നഗരസഭകൾ തയ്യാറാക്കി കൗൺസിൽ അനു

<table>
<tr><td></td><td></td><td></td><td>മതിയോടെ സമർപ്പിക്കുന്ന ഡിപിആർ സംസ്ഥാന സമിതി അംഗീകാരത്തോടെ കേന്ദ്ര സമിതിക്ക് സമർപ്പിക്കുന്നു. അംഗീകാരം ലഭിച്ച പദ്ധതിയ്ക്ക് നിർവ്വഹണം അതത് നഗരസഭ വഴി നടപ്പിലാക്കുന്നു.</td></tr>
<tr><td>(ബി)</td><td>രാഷ്ട്രീയ പരിഗണനയുടെ പേരിൽ അർഹരായവരെ ഒഴിവാക്കിയതായും അനർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായുമുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?</td><td>(ബി)</td><td>ഇല്ല</td></tr>
<tr><td>(സി)</td><td>2016-17 സാമ്പത്തിക വർഷം പദ്ധതിപ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്? 2017-18-ൽ ഈ പദ്ധതിപ്രകാരം എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്;</td><td>(സി)</td><td>പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം 2016-17 വർഷം 5463 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18-ൽ 9872 വീടുകൾ ഭൗതീക ലക്ഷ്യമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.
<table>
<tr><th>വിഭാഗം</th><th>എണ്ണം</th></tr>
<tr><td>പട്ടികജാതി</td><td>3921</td></tr>
<tr><td>പട്ടികവർഗ്ഗം</td><td>2002</td></tr>
<tr><td>ന്യൂനപക്ഷം</td><td>2725</td></tr>
<tr><td>പൊതുവിഭാഗം</td><td>1224</td></tr>
<tr><td>ആകെ</td><td>9872</td></tr>
</table>
<br>പി.എം.എ.വൈ (യു) പദ്ധതി പ്രകാരം 2016-17 സാമ്പത്തികവർഷം 15 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 ടി പദ്ധതി പ്രകാരം നാളിതുവരെ 42,942 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 958 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും ഇതിനകം എന്ത് തുക ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ :</td><td></td><td>വീടൊന്നിന് പി.എം.എ.വൈ (ജി) പദ്ധതിയുടെ കേന്ദ്ര-വിഹിതം 72,000/- രൂപയും, സംസ്ഥാന വിഹിതം- 48,000 രൂപയുമാണ്. ടി പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി ആകെ 5128.03 ലക്ഷം രൂപ (കേന്ദ്രം- 3076.82. സംസ്ഥാനം - 2051.2) അനുവദിച്ചിട്ടുണ്ട്)<br>പി.എം.എ.വൈ (യു) പദ്ധതിയ്ക്കും കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന നിരക്കിലാണ്. ഇതിനകം കേന്ദ്ര വിഹിതമായി 151.71 കോടി രൂപയും സംസ്ഥാന</td></tr>
</table>

| | | | |
|---|---|---|---|
| . | | | വിഹിതമായി 50.57 കോടി രൂപയും അനുവദിച്ചിട്ടുണ്ട് |
| (ഇ) | പദ്ധതി പ്രകാരം പൂർത്തിയാക്കുന്ന വീടുകളും ലൈഫ് പദ്ധതിയുടെ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | | ലൈഫ് മിഷൻ പദ്ധതിയിൽ വീടൊന്നിന് 4,00,000/- രൂപയും, പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മാണത്തിന്റെ യഥാർത്ഥ ചെലവുമാണ് നൽകുന്നത്. ലൈഫ് മിഷൻ മാനദണ്ഡപ്രകാരമുള്ള അധിക തുക (2.80 ലക്ഷം രൂപ) പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനായി പി.എം.എ.വൈ (ജി) പദ്ധതിപ്രകാരം പൂർത്തീകരിക്കാനുള്ള വീടുകളും ലൈഫ് പദ്ധതിയുടെ കണക്കിൽ ഉൾപ്പെടുത്തുന്നതാണ്.<br>**നഗരസഭകളിൽ ഇരുപദ്ധതികളും സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്.** |

സെക്ഷൻ ഓഫീസർ

അദ്ധ്യായം 4

## ഗുണഭോക്താക്കളെ കണ്ടെത്തലും തിരഞ്ഞെടുക്കലും

4 എല്ലാവർക്കും വീട് എന്ന ലക്ഷ്യാസാക്ഷാത്കാരത്തിന്റെ മൂലക്കല്ല് ഗുണഭോക്താക്കളെ നീതിപൂർവ്വവും, സുതാര്യവുമായി കണ്ടെത്തലാണ്. പി.എം.എ.വൈ.യുടെ അർഹരായ ഗുണഭോകൃത ലിസ്റ്റിൽ വിവിധ തട്ടുകളിലുള്ള മുൻഗണന നിശ്ചയിക്കും. യഥാർത്ഥത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം കിട്ടുന്നത് ഉറപ്പാക്കുന്നതിന് SECC യിലെ വസ്തുനിഷ്ടവും പരിശോധനാ വിധേയവുമായ പാർപ്പിടമില്ലായ്മ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

4.1 പി.എം.എ.വൈ.(ജി) യുടെ അർഹരായ ഗുണഭോക്താക്കളുടെ പട്ടികയിൽ അനുബന്ധം 1 ലെ ഒഴിവാക്കൽ / ഉൾപ്പെടുത്തൽ പ്രക്രിയയ്ക്ക് വിധേയമായി എല്ലാ ഭവനരഹിതർ, തകർന്നതും മുറികളില്ലാത്ത വീടുകളിൽ താമസിക്കുന്നവർ, ഒറ്റമുറി വീടുകളിൽ താമസിക്കുന്നവർ, രണ്ടുമുറി വീടുകളിൽ താമസിക്കുന്നവർ, എന്ന ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്.

4.2 മേൽ ലിസ്റ്റിൽപെട്ട സ്വമേധയാ ഉൾപ്പെടുത്തൽ മാനദണ്ഡങ്ങൾ ബാധകമായിട്ടുള്ളവർക്ക് മറ്റുള്ളവരെക്കാൾ മുൻഗണന ലഭിക്കുന്നതാണ്. താഴെപ്പറയുന്ന തുല്യമൂല്യമുള്ള (equal weight) ക്ലേശഘടകങ്ങൾ കുടുംബങ്ങൾക്ക് ബാധകമാകുമ്പോൾ ലഭിക്കുന്ന ആകെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും കുടുംബങ്ങളുടെ ഉപവിഭാഗങ്ങളിലെ സ്ഥാനം

1 16 നും 59 നും ഇടയിൽ പ്രായമുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഇല്ലാത്ത കുടുംബം

2 16 നും 59 നും ഇടയിൽ പ്രായമുള്ള പ്രായപൂർത്തിയായ ഒരു പുരുഷ അംഗംപോലും ഇല്ലാത്ത സ്ത്രീ ഗൃഹനാഥയായ കുടുംബം.

3 25 വയസ്സിനുമേൽ പ്രായമുള്ള സാക്ഷരതയുള്ള ഒരംഗം പോലും ഇല്ലാത്തകുടുംബം

4 ഭിന്നശേഷി ഉള്ള അംഗമുള്ളതും ശാരീരികക്ഷമതയുള്ള പ്രായപൂർത്തിയായ ആരും ഇല്ലാത്തതും ആയ കുടുംബം

5 വരുമാനത്തിന്റെ മുഖ്യപങ്കും ശാരീരിക അദ്ധ്വാനത്തിലൂടെ നേടുന്ന ഭൂമി ഇല്ലാത്ത കുടുംബം

### 4.3 മുൻഗണനാ ലിസ്റ്റുകൾ തയ്യാറാക്കൽ (Preparation of Priority List)

മുൻഗണനാ മാനദണ്ഡം ബാധകമാക്കി SC, ST, ന്യൂനപക്ഷം, മറ്റുള്ളവർ എന്നീ വിഭാഗങ്ങളിലേക്ക് അർഹരായ ഗുണഭോക്താക്കളുടെ പ്രത്യേകം മുൻഗണനാ ലിസ്റ്റുകൾ ഓരോ ഗ്രാമപഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്നു.

ആവാസ് സോഫ്റ്റ് MIS ൽ നിന്നും സിസ്റ്റം - ജനറേറ്റഡ് ആയി തയ്യാറാക്കുന്ന ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ഡൗൺലോഡ് ചെയ്തു ഗ്രാമപഞ്ചായത്തുകൾക്ക് പരിശോധനയ്ക്കും പരസ്യപ്പെടുത്തുന്നതിനുമായി നല്കേണ്ടതാണ്.

### 4.4 മുൻഗണനാ ലിസ്റ്റിന്റെ ഗ്രാമസഭാ പരിശോധന (Verification of Priority List by Grama Sabha)

4.4.1 വിഭാഗങ്ങൾ തിരിച്ചുള്ള മുൻഗണനാലിസ്റ്റ് ലഭ്യമാക്കുകയും യഥോചിതം പരസ്യപ്പെടുത്തുകയും ചെയ്തശേഷം ഗ്രാമസഭ വിളിച്ച് ചേർക്കണം.

മുൻഗണനാ ലിസ്റ്റിലെ അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്താനായി അടിസ്ഥാനമാക്കിയ വസ്തുതകളുടെ നിജസ്ഥിതി ഗ്രാമസഭ പരിശോധനയ്ക്കു വിധേയമാക്കുന്നു. തെറ്റായി ഉൾപ്പെടുത്തപ്പെട്ടവരെയും വാസയോഗ്യമായ വീടുനിർമ്മിച്ചിട്ടുള്ളവരെയും ഏതെങ്കിലും സർക്കാർ പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളവരെയും സർവ്വേക്കുശേഷം വാസസ്ഥലം മാറിയവരേയും അനന്തരഅവകാശി ഇല്ലാതെ മരണപ്പെട്ടവരേയും ഗ്രാമസഭ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കണം.

ഒഴിവാക്കപ്പെട്ട കുടുംബങ്ങളുടെ ലിസ്റ്റ് ഒഴിവാക്കലിനുള്ള കാരണം സഹിതം രേഖപ്പെടുത്തി ഗ്രാമസഭാ തീരുമാനത്തിന്റെ മിനിട്ട്സിന്റെ ഭാഗമാക്കണം.

4.4.2 ഏതെങ്കിലും വിഭാഗത്തിൽ ഒന്നിൽകൂടുതൽ കുടുംബങ്ങൾ തമ്മിൽ തുല്യമായി ക്ലേശ ഘടകങ്ങളുടെ മാർക്ക് വരുന്ന പക്ഷം താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നല്കിക്കൊണ്ട് ഗ്രാമസഭയ്ക്ക് കുടുംബങ്ങളെ റാങ്കുചെയ്യാവുന്നതാണ്.

## അനുബന്ധം 1

**ഒഴിവാക്കൽ പ്രക്രിയ**

**1–ാം ഘട്ടം നല്ല മേൽക്കൂരയും / ഭിത്തിയും ഉള്ള വീടുകളിൽ താമസിക്കുന്നവരെയും രണ്ടിൽ കൂടുതൽ മുറികളുള്ളവരെയും ഒഴിവാക്കുന്നു.**

**2–ാം ഘട്ടം (ആട്ടോമാറ്റിക് എക്സ്ക്ലൂഷൻ) ഒന്നാംക്രമ പ്രകാരം ഒഴിവാക്കിയവർ കഴിഞ്ഞുള്ള കുടുംബങ്ങളിൽ താഴെപ്പറയുന്ന 13 മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധകമായ എല്ലാ കുടുംബങ്ങളെയും ഒഴിവാക്കുന്നു.**

1 യന്ത്രവൽകൃത രണ്ടു ചക്രം / മൂന്നു ചക്ര / നാലുചക്ര വാഹനമോ യന്ത്രവൽകൃത മീൻപിടുത്തയാനങ്ങളോ ഉള്ളവർ

2 യന്ത്രവൽകൃത മൂന്നു ചക്ര / നാലു ചക്ര കാർഷിക ഉപകരണങ്ങൾ ഉള്ളവർ

3 50000/– രൂപയോ അതിൽകൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡുള്ളവർ

4 സർക്കാർ ജീവനക്കാർ ഉള്ള കുടുംബം

5 സർക്കാരിൽ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ

6 പ്രതിമാസം 10000/– രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗമുള്ള കുടുംബം

7 വരുമാന നികുതി നല്കുന്ന അംഗങ്ങളുള്ള കുടുംബം

8 തൊഴിൽ നികുതി നല്കുന്നവർ ഉള്ള കുടുംബം

9 റഫ്രിജറേറ്റർ ഉള്ള കുടുംബം

10 ലാന്റ് ലൈൻ ഫോൺ ഉള്ള കുടുംബം

11 സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

12 രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

13 ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം.

Section Officer